# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 496 — 11.06.2013- ലെ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളുടെ സംഭാവന സ്വീകരിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ കോമൺ ഗുഡ് ഫണ്ടിൽ നിന്നോ ലാഭത്തിൽ നിന്നോ മറ്റോ സംഭാവന സ്വീകരിക്കുന്നതിന്, സംസ്ഥാനത്തെ ഏതെങ്കിലും സ്ഥാപനത്തിന് സർക്കാരോ സഹകരണ രജിസ്ട്രാറോ പെർമിസീവ് സാംങ്ഷൻ നൽകിയിട്ടുണ്ടോ; | (എ) നൽകിയിട്ടുണ്ട്. |
| ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത്തരത്തിൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ എത്ര; ഏതെല്ലാം സ്ഥാപനങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടിയായിരുന്നു; വിശദാംശം വെളിപ്പെടുത്താമോ? | (ബി) 7 ഉത്തരവുകൾ<br>സഹകരണ സ്ഥാപനങ്ങൾ, അതാത് സ്ഥാപനങ്ങളുടെ സാമ്പത്തിക സ്ഥിതിക്കനുസരിച്ച് സംഭാവന നൽകാൻ സഹകരണ രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>1. പാലക്കാട് ജില്ലയിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിന്.<br>2. വൈപ്പിൻ മണ്ഡലത്തിലെ തീവ്ര വിദ്യാഭ്യാസ വികസന പദ്ധതി "വെളിച്ചം" പദ്ധതിയുമായി സഹകരിക്കുന്നതിന്.<br>3. എയ്ഡ്സ്/എൻഡോസൾഫാൻ ഇരകളായ കുട്ടികളുടെ പുനരധിവാസത്തിന്.<br>4. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകുന്നതിന്.<br>5. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള സഹായം നൽകുന്നതിന്.<br>6. കൊല്ലം കോർപ്പറേഷൻ - കൊല്ലം ഫെസ്റ്റ് 2011 - സഹകരണ സംഘങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന്.<br>7. 34-ാമത് ദേശീയ സബ് ജൂനിയർ വോളിബോൾ ചാമ്പ്യൻഷിപ്പ് 2011-12 പെരിന്തൽമണ്ണ - ധനസഹായം നൽകുന്നതിന്. |

സെക്ഷൻ ഓഫീസർ